"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - ജില്ലാ ശുചിത്വ മിഷനുകളിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികയിലെ ഒഴിവുകളിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1544/2023/LSGD തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം. 72/2019/തസ്വഭവ തീയതി 23/06/2019
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/08/2022ലെ 2308/ബി/2022/എസ്.എം. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശുചിത്വ മിഷനിൽ പരാമർശം (1) പ്രകാരം സൃഷ്ടിച്ച അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(ഐ.ഇ.സി./എസ്.ഡബ്ല്യു.എം.) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ അനുയോജ്യരായ ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ സമയബന്ധിതമായി ഒഴിവുകൾ നികത്താൻ ,അനുയോജ്യരായ ജീവനക്കാരെ ലഭിക്കുന്നത് വരെ ടി തസ്തികകളിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്ന് പരമാർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

ശുചിത്വ മിഷനിൽ പരാമർശം (1) പ്രകാരം സൃഷ്ടിച്ച അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(ഐ.ഇ.സി./എസ്.ഡബ്ല്യു.എം.) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ അനുയോജ്യരായ ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ അനുയോജ്യരായ അന്യത്രസേവനജീവനക്കാരെ ലഭിക്കുന്നത് വരെ ടി തസ്തികകളിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

3. മേൽ ഭേദഗതിയോടെ പരമാർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡബ്ല്യൂ.സി.ഡി) വകുപ്പ് (WCD-3/42/2022-FIN(2265803 dated 26.6.23)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/114/2022/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 29-07-2023 11:58:55
സെക്ഷൻ ഓഫീസർ